WEDNESDAY

27/05/2026

ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/05/2026

1. ലോക ക്ഷീരദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡി.പി.ഐ. ജംഗ്ഷനിലെ ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ രാവിലെ 11.30 ന് നടക്കുന്ന പരിപാടിയിൽ മൃഗസംരക്ഷണ – ക്ഷീരവികസന, തൊഴിൽ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി അഡ്വ: ബിന്ദു കൃഷ്ണ അദ്ധ്യക്ഷയാകും. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ മുഖ്യപ്രഭാഷണം നടത്തും. ശശി തരൂർ എം.പി, മേയർ വി.വി. രാജേഷ്, ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിൻഹാജ് ആലം, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) സിനില ഉണ്ണികൃഷ്ണൻ, മിൽമ ചെയർമാൻ കെ.എസ്. മണി, കെ.സി.എം.എം.എഫ് മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫ് ഐ എ എസ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ: കെ സിന്ധു ഉൾപ്പടെ ക്ഷീരമേഖലയിലെ പ്രമുഖരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നിഹിതരാകും. **'സെലിബ്രേറ്റിംഗ് വിമൻ ഫാർമേഴ്സ്'**

എന്നതാണ് ഈ വർഷത്തെ ലോക ക്ഷീരദിന പ്രമേയം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കെ.എൽ.ഡി.ബി, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ **'പോഷകഗുണമുള്ള തീറ്റയിലൂടെ പശുക്കളുടെ ആരോഗ്യ സംരക്ഷണവും ഗുണമേന്മയുള്ള പാലും', ശാസ്ത്രീയ പ്രജനന രീതികൾ'** എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കും.

2. ആനയറ കൃഷി വിൽപ്പനകേന്ദ്രത്തിൽ ഗുണനിലവാരമുള്ള സങ്കര ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിൽപ്പനക്ക് എത്തിയിട്ടുണ്ട്. DxT തെങ്ങിൻ തൈ ഒന്നിന് 250 രൂപ നിരക്കിലും കുറ്റ്യാടി നാടൻ തൈകൾ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9746692422 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. **കേര പദ്ധതി ഫേസ് ബുക്ക് ലൈവിലൂടെ - കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള മികച്ച കാപ്പിത്തോട്ടങ്ങൾക്കായി 'കേര'യുടെ കാപ്പി പുനർ നടീൽ പദ്ധതി** എന്ന വിഷയത്തിൽ കേര പ്രൊജക്റ്റ് പ്ലാൻറ്റേഷൻ സ്പെഷ്യലിസ്റ്റ് അജിത് ആർ എസ് ഇന്ന് (27 /05/2026) രാവിലെ 11 മണിക്ക് ഫേസ് ബുക്ക്

ലൈവിലൂടെ ക്ലാസ്സ് നയിക്കുന്നു. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിന്നും, ഇതര സർക്കാർ ഫാമുകളിൽ നിന്നും ആവശ്യാനുസരണം ഫാമിലെ ചോപ്പിംഗ് മെഷിനു സമീപം വൈക്കോല്/തീറ്റപ്പുല്ല് എത്തിയ്ക്കുന്നതിന് 2000 കിലോയിൽ താഴെ ഭാരം വഹിക്കാൻ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് ആവശ്യമുണ്ട്. ഇപ്രകാരം പിക്-അപ് വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും/ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ മുദ്ര വച്ച് കവറിൽ ഫാം സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്പി.ഒ. തിരുവനന്തപുരം 695043. എന്ന വിലാസത്തിൽ അയച്ചു നൽകുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്. കവറിന് പുറത്ത് "പിക് അപ് വാഹനത്തിന്റെ വാടക സംബന്ധമായ ക്വട്ടേഷൻ 2026-27" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമർപ്പിക്കേണ്ട അവസാന തീയതി 30/05/2026-ന് പകൽ 11.00 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി പകൽ 10 മണി മുതൽ 5 മണി വരെ 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. വെള്ളായണി കാർഷിക കോളജിൽ ഈ മാസം 30 ന് നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. "ഇൻഡോർ സസ്യങ്ങൾ – ഇനങ്ങളും നടീൽ രീതികളും" എന്ന വിഷയത്തിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

## കാർഷിക നിർദ്ദേശം

കമുകിനെ ബാധിക്കുന്ന മഹാളി രോഗത്തിനെതിരെ മുൻകരുതൽ എന്ന നിലയ്ക്ക് മഴയ്ക്കു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിച്ചു കൊടുക്കണം. ബോർഡോ മിശ്രിതത്തിന്റെ കൂട്ട് കൃത്യമാണെങ്കിൽ മാത്രമെ പ്രതീക്ഷിക്കുന്ന ഗുണം കിട്ടുകയുള്ളൂ. അതു കൊണ്ട് തന്നെ

ff



ബോർഡോ മിശ്രിതം ഉണ്ടാക്കുന്നതിൽ കൃത്യമായ അളവുകൾ പാലിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം